"ഭരണഭാഷ-മാതൃഭാഷ"

തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ പൂർണ്ണ അധികചുമതലയുള്ള അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ നടപടിക്രമം
(ഹാജർ:ശരത്ചന്ദ്രൻ.ജി.)

വിഷയം: പൊതു വിദ്യാഭ്യാസം – തസ്തിക നഷ്ടം സംഭവിച്ച അദ്ധ്യാപകരുടെ –എൽ.പി.എസ്.എ/യു.പി.എസ്.എ./എച്ച്.എസ്.എ. പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. –

പരാമർശം: 1). ഗവ.ഉത്തരവ് നമ്പർ (പി) 213/2015 പൊ.വി. തിയതി 6/8/2015.
2). ഗവ.ഉത്തരവ് നമ്പർ (പി) 29/16/പൊ.വി.വ. തിയതി 29/1/16.
3). ഗവ.ഉത്തരവ് നമ്പർ (പി) 134/16/2015 പൊ.വി. തിയതി 5/8/2016

.. .. ..

ഉത്തരവ് നം. ബി5–15699/2016 തിയതി:23/08/2016.

മേൽ പരാമർശ ഗവൺമെന്റ് ഉത്തരവുകൾ പ്രകാരം തസ്തിക നഷ്ടം സംഭവിച്ച അദ്ധ്യാപക/അനദ്ധ്യാപകരെ പ്രസ്തുത ഉത്തരവുകൾ അനുശാസിക്കുന്ന മാനദണ്ഡ പ്രകാരം സീനിയോരിറ്റി പരിഗണിച്ച് ജില്ലയിൽ അതേ ഉത്തരവുകളിൽ നിർദ്ദേശിച്ച പ്രകാരമുള്ളതും ആയതിലെ വ്യവസ്ഥ പ്രകാരം ഉരുത്തിരിഞ്ഞുവന്നതുമായ ഒഴിവുകളിൽ ഇതോടൊപ്പമുള്ള ലിസ്റ്റ് പ്രകാരം നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. നിർദ്ദിഷ്ട ലിസ്റ്റിൽ ഉൾപ്പെട്ട അദ്ധ്യാപക/അനദ്ധ്യാപകരെ വിടുതൽ ചെയ്യുന്നതിനും അവരെ പുനർവിന്യസിച്ച സ്ഥലങ്ങളിൽ ജോലിയിൽ പ്രവേശിപ്പി ക്കുന്നതിനും വേണ്ട നടപടികൾ ബന്ധപ്പെട്ട ഡി.ഇ.ഒ./എ.ഇ.ഒ/മാനേജർമാർ/പ്രധാന അദ്ധ്യാപകർ കൈകൊള്ളേണ്ടതും ബന്ധപ്പെട്ട ഡി.ഇ.ഒ.മാർ/എ.ഇ.ഒ.മാർ എന്നിവർ ഈ ഉത്തരവ് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതും ഇവരുടെ വിടുതൽ/ജോലിയിയ്ക്ക് ചേരൽ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഏഴു ദിവസത്തിനകം ഈ ഓഫീസിലേയ്ക്ക് റിപ്പോർട്ട് സഹിതം സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത സംരക്ഷിത അദ്ധ്യാപകരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും മാതൃസ്കൂളിൽ നിന്നും നൽകുന്നതിനുള്ള നടപടികൾ പ്രധാനാദ്ധ്യാപകർ കൈകൊള്ളേണ്ടതാണ്. ഒഴിവുകൾ അവസാനിക്കുന്ന മുറയ്ക്കോ പി.എസ്.സി. നിയമനം നടക്കുന്ന മുറയ്ക്കോ സംരക്ഷിത അദ്ധ്യാപകരെ മാതൃസ്കൂളിലേയ്ക്ക് ബന്ധപ്പെട്ട പ്രധാന അദ്ധ്യാപകൻ വിടുതൽ ചെയ്യേണ്ടതും വിവരങ്ങൾ ഈ ഓഫീസിലേയ്ക്കും ബന്ധപ്പെട്ട ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലേയ്ക്കും രേഖാ മൂലം അറിയിക്കേണ്ടതാണ്. ഈ ഉത്തരവ് അനുസരിച്ച് ജോലിയിൽ പ്രവേശിക്കാത്ത അദ്ധ്യാപകരുടെ സംരക്ഷണ ആനുകൂല്യം നഷ്ടപ്പെടുന്നതാണ്. സമയപരിധിയ്ക്കുള്ളിൽ നിയമിക്കപ്പെട്ട വിദ്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചില്ല എങ്കിൽ നിയമന ദിവസം മുതൽ ടി അദ്ധ്യാപകർക്ക് ശമ്പളം അനുവദിച്ച് നൽകാവുന്നതല്ലയെന്ന് ഇതിനാൽ അറിയിക്കുന്നു. ഈ ഒഴിവിൽ ദിവസ വേതനക്കാർ ജോലി ചെയ്യുന്നുണ്ട് എങ്കിൽ അവരെ പിരിച്ചുവിടേണ്ടതാണ്.

(...2)

മുൻ വർഷങ്ങളിൽ സംരക്ഷണ ആനുകൂല്യം ലഭിച്ച് പുനർവിന്യാസത്തിൽ തുടരുന്ന അദ്ധ്യാപകരെ ഈ ഉത്തരവു പ്രകാരം മാറ്റി നിയമിച്ചിട്ടുള്ള കേസിൽ, പ്രസ്തുത അദ്ധ്യാപകരെ പുതിയ സ്കൂളിലേയ്ക്ക് വിടുതൽ ചെയ്യേണ്ടതും ആ വിവരം മാതൃവിദ്യാലയത്തിലെ പ്രധാന അദ്ധ്യാപകനേയും ഈ ഓഫീസിനേയും അറിയിക്കേണ്ടതാണ്.

Santhchandran

വിദ്യാഭ്യാസ ഉപഡയറക്ടറുടെ പൂർണ്ണ
അധികചുമതലയുള്ള അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

പകർപ്പ് :

പ്രധാന അദ്ധ്യാപകർക്ക് (എ.ഇ.ഒ/ഡി.ഇ.ഒ മുഖാന്തിരം)
ബന്ധപ്പെട്ട മാനേജർമാർക്ക്.
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
(നിയമിക്കപ്പെട്ട സംരക്ഷിത അദ്ധ്യാപകരെ ഉടൻ വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർക്ക് ഉടൻ നൽകേണ്ടതാണ്)

പിഎസ്/26.8